## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 640 06.02.2013 ലെ മറുപടിയ്ക്ക്

## ഭാഗ്യക്കുറി വകുപ്പിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാൻ നടപടി

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| ക്രമ നമ്പർ | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് പ്രതിദിന നറുക്കെടുപ്പ് ആരംഭിച്ചതുമുതൽ ഇതുവരെയുള്ള വിറ്റുവരവ് എത്രയാണെന്ന് പറയുമോ; | (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് 09/11 മുതൽ പ്രതിദിന നറുക്കെടുപ്പ് ആരംഭിച്ചതു മുതൽ 30-01-13 വരെയുള്ള വരുമാനം 3270.5 കോടി രൂപയാണ്. |
| (ബി) | ടിക്കറ്റ് വിൽപ്പന വർദ്ധിച്ചതിനെത്തുടർന്ന് ഏജന്റുമാർക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഏജന്റുമാരുടെ ഇടപാടുകൾ നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കുന്നതി നാവശ്യമായ ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | | **(സി) & (ഡി)** ഭാഗ്യ ക്കുറി വകുപ്പിൽ മൂന്ന് താലൂക്ക്തല ഓഫീസുകൾ ആരംഭിക്കുന്നതിനും 15 പുതിയ തസ്തികകൾ അനുവദി ക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ക്ലറിക്കൽ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. |
| (ഡി) | ഏജന്റുമാരുടെ വർദ്ധനവും അവരുടെ ഇടപാടുകൾ നടത്തിക്കൊടുക്കുന്നതി നാവശ്യമായ ജീവനക്കാരുടെ അഭാവവും ഒഴിവാക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ